(ബി) പരാതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ 18-7-2014-ന് വിചാരണ നിശ്ചയിച്ചിട്ടുണ്ട്.

(സി) വിചാരണയ്ക്കുശേഷം നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് താലൂക്കിലെ വില്ലേജുകളിൽ ഭൂമി വില നിശ്ചയിക്കാത്തത് സംബന്ധിച്ച്

165 (7134) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ ചില വില്ലേജുകളിൽ ഭൂമിവില നിശ്ചയിക്കാത്തതുകാരണം ഭൂമി കൈമാറ്റത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിക്ക് വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ ;

(സി) എന്തുകൊണ്ടാണ് ഭൂമിക്ക് ഇതുവരെ വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ ;

(ഡി) ഭൂമിവില നിശ്ചയിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ കാച്ചേരി, കസബ നഗരം, വളയനാട്, കോട്ടൂളി, പന്നിയങ്കര, ബേപ്പൂർ, ഫറോക്ക്, രാമനാട്ടുകര, പന്തീരാങ്കാവ്, ഒളവണ്ണ, മാവൂർ, ചേവായൂർ, ഏലത്തൂർ, കല്ലുണ്ടി എന്നീ വില്ലേജുകളിൽ ചില സർവ്വെ നമ്പരുകളിൽ ന്യായവില നിശ്ചയിക്കാൻ വിട്ടുപോയിട്ടുള്ളതാണ്

(സി & ഡി) ചില വില്ലേജുകളിൽ വില സബ്ഡിവിഷൻ നമ്പറുകൾക്ക് ന്യായവില നിശ്ചയിക്കുന്നതിൽനിന്നും വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന് ന്യായവില നിശ്ചയിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

166 (7135) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-3-2014-ലെ കണക്ക് പ്രകാരം എത്ര തുകയാണുള്ളത് ;

(ബി) 1-7-2011 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ആർ.എം.എഫ്.ലേക്ക് ഓരോ ജില്ലയിൽനിന്നും അടച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly